"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(3) പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരവുമുള്ള പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.27/2023/LSGD തീയതി,തിരുവനന്തപുരം, 30-01-2023

---

പരാമർശം:-

1. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ 28/02/2022 ലെ 1-ാം നമ്പർ തീരുമാനം.
2. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ 30/05/2022 ലെ 36, 37 കൗൺസിൽ തീരുമാനം
3. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ 28.10.2022-ലെ 1-ാം നമ്പർ തീരുമാനം.
4. ആലപ്പുഴ നഗരസഭ സെക്രട്ടറിയുടെ 12/12/2022 തീയതിയിലെ ഇ2-52024/15 നമ്പർ കത്ത്.
5. ആലപ്പുഴ ജില്ലാ നഗരാസൂത്രകന്റെ 15/12/2022 ലെ സി/346/2017 നമ്പർ കത്ത്.
6. മുഖ്യനഗരാസൂത്രകന്റെ 24/12/2022 ലെ ടിസിപിസിടിപി/1808/2020-എഫ്1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ "GIS അധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കൽ" എന്ന ഉപപദ്ധതിയിൻ കീഴിൽ ആലപ്പുഴ നഗരപ്രദേശത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ് അധിഷ്ഠിത കരട് മാസ്റ്റർ പ്ലാൻ, 2016-ലെ കേരള നഗര:ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(1) പ്രകാരം പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കുന്നതിനും ആയതിനുള്ള ഉദ്ദേശ്യം 2021-ലെ കേരള നഗര ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം ഫാറം II-ൽ

വിജ്ഞാപനം ചെയ്യുന്നതിനും പരാമർശം (1) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനം എടുക്കുകയും ഫാറം II നഗരസഭയുടെ ഓദ്യോഗിക വെബ് സൈറ്റിലും, നോട്ടീസ് ബോർഡിലും വിജ്ഞാപനം ചെയ്യുകയും, 29/06/2022-ലെ 2162 ഗസറ്റിലും, മാതൃഭൂമി, ദേശാഭിമാനി എന്നീ വർത്തമാനപത്രങ്ങളിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു.

(2) 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം, പരാമർശം (2) മുഖേന മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിക്കുകയും ടി മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 36(2) വകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനും പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും പരാമർശം (3) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനം എടുക്കുകയും തുടർന്ന് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(7) പ്രകാരം സർക്കാരിലേക്ക് പ്രസിദ്ധീകരണാനുമതിക്കായി പരാമർശം (4) പ്രകാരം നഗരസഭ സെക്രട്ടറി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(3) കരട് ആലപ്പുഴ മാസ്റ്റർ പ്ലാൻ MP-യ്ക്കും, ആലപ്പുഴ, അമ്പലപ്പുഴ മണ്ഡലങ്ങളിലെ MLA-മാർക്കും നൽകിയിട്ടുണ്ട് എന്നും മാസ്റ്റർ പ്ലാൻ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലായി നഗരസഭ കൗൺസിലിൽ കരട് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി നഗരസഭയുടെ വിവിധ വാർഡ് ക്ലസ്റ്ററുകളിൽ വികസന സെമിനാർ നടത്തിയിട്ടുള്ളതായും പരാമർശം (5) പ്രകാരം ജില്ലാ ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്. പമ്പ ബേസിനിൽ പെടുന്ന നഗരസഭ എന്ന നിലയിൽ മാസ്റ്റർ പ്ലാനിൽ risk information ഉൾപെടുത്തുന്നതിനു നഗരസഭയിൽ 18.07.2022-ന് യോഗം നടത്തിയിട്ടുള്ളതും, യോഗത്തിൽ ഉന്നയിച്ച വന്നിട്ടുള്ള നിർദേശങ്ങൾ പരിഗണിച്ച് പഠനങ്ങൾ നടത്തി DL14 PIU-ന്റെ സഹായത്തോടെ മാസ്റ്റർ പ്ലാനിൽ risk information ഉൾപ്പെടുത്തിയിട്ടുള്ളതായും ജില്ലാ ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്.

(4) ആലപ്പുഴ മാസ്റ്റർ പ്ലാൻ, നഗരസഭയുടെ മാസ്റ്റർ പ്ലാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതും തുടർന്ന് നഗരസഭ കൗൺസിലിന്റെ പരാമർശം (3) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും സർക്കാരിലേക്ക് പ്രസിദ്ധീകരണാനുമതിക്കായി സമർപ്പിക്കുന്നതിനു തീരുമാനം എടുത്തിട്ടുള്ളതുമായ സാഹചര്യത്തിൽ പ്രസ്തുത മാസ്റ്റർ പ്ലാനിനു 2016-ലെ കേരള

നഗരഗ്രാമാസൂത്രണ് ആക്ടിലെ വകുപ്പ് 36(3) പ്രകാരവും 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരവുമുള്ള പ്രസിദ്ധീകരണാനുമതി നൽകുന്നതിനു പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, ആലപ്പുഴ നഗരസഭ കൗൺസിലിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗരഗ്രാമാസൂത്രണ് ആക്ടിലെ വകുപ്പ് 36(3) പ്രകാരവും 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരവുമുള്ള പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, ആലപ്പുഴ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anilkumar C
സെക്ഷൻ ഓഫീസർ
Date: 30-01-2023 16:31:49